## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 1702 04.10. 2016 ൽ മറുപടിക്ക്

### കേന്ദ്ര വൈദ്യുതി നിയമമനുസരിയ്ക്കാതെയുള്ള സ്ഥാനക്കയറ്റങ്ങൾ

ചോദ്യം

ശ്രീ. പി.ഉബൈദുള്ള

ഉത്തരം

ശ്രീ.കടകംപള്ളി സുരേന്ദ്രൻ

(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കേന്ദ്ര വൈദ്യുതി നിയമമനുസരിച്ചുള്ള നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കാതെ സംസ്ഥാന വൈദ്യുതി ബോർഡിൽ സ്ഥാനക്കയറ്റങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;<br>(ബി) ഇതിനെതിരെ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ എന്തെങ്കിലും ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ; | (എ) &(ബി) വൈദ്യുതി ഉല്പാദനം, പ്രസരണം, വിതരണം എന്നീ മേഖലകളിലെ സാങ്കേതിക ജോലികൾക്കായി നിശ്ചിത സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള വ്യക്തികളെ നിയമിക്കണമെന്ന് നിഷ്കർഷിക്കുന്ന ചട്ടങ്ങൾ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (സി.ഇ.എ) പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ ചട്ടങ്ങളിൽ നിന്നും വ്യതിചലിച്ചാണ് കെ.എസ്.ഇ.ബി.ലിമിറ്റഡിൽ ചില സൂപ്പർ വൈസറി തസ്തികയിൽ നിയമനങ്ങൾ നടക്കുന്നതെന്നും ആയതിനാൽ ബോർഡിനെതിരെ നടപടി സ്വീകരിക്കാൻ നിശ്ചയിച്ചതായും വ്യക്തമാക്കി സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള മറ്റ് സ്ഥാനക്കയറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) പവർ ഹൗസുകളിലടക്കം അപകട നിരക്ക് ഉയരുന്നതിനുള്ള കാരണം നിശ്ചിത യോഗ്യതയില്ലാത്തവർക്ക് സ്ഥാനക്കയറ്റം നൽകുന്നതാണെന്ന് ബോർഡ് വിജിലൻസ് വിഭാഗം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ; | (സി) വിജിലൻസ് വിഭാഗത്തിന്റെ അത്തരത്തിലുള്ള റിപ്പോർട്ട് കിട്ടിയിട്ടില്ല. |

| | |
|---|---|
| (ഡി)മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള ഇത്തരം സ്ഥാനക്കയറ്റങ്ങൾ റദ്ദാക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ? | (ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്. കേന്ദ്ര ചട്ടങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് അനുവദിക്കാൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ട്. |

സെക്ഷൻ ഓഫീസർ